# കേരള സർക്കാർ

**ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്**
**കാസർകോട്**

**ഏപ്രിൽ 03**

**APRIL 03**

**2019**

***1194 മീനം 20* ബുധൻ**

# പത്രക്കുറിപ്പ് 1

www.prd.kerala.gov.in dioksgd@gmail.com ഫോൺ 04994 255145


## തെരഞ്ഞെടുപ്പ് വാർത്തകൾ മാധ്യമങ്ങൾ നിഷ്പക്ഷതയോടെ റിപ്പോർട്ട് ചെയ്യണം: ജില്ലാ കളക്ടർ

തെരഞ്ഞെടുപ്പ് സമയത്ത് മാധ്യമങ്ങൾ നിഷ്പക്ഷതയോടെയാകണം റിപ്പോർട്ട് ചെയ്യേണ്ടതെന്നു ജില്ലാ കളക്ടർ ഡോ.ഡി.സജിത് ബാബു പറഞ്ഞു. പത്രങ്ങളായാലും ദൃശ്യമാധ്യങ്ങളായാലും ഏതെങ്കിലുമൊരു സ്ഥാനാർഥിയെ അധിക്ഷേപിക്കുന്ന തരത്തിലോ മഹത്വവത്ക്കരിക്കുന്നതരത്തിലോ വാർത്തകളോ ഫീച്ചറുകളോ നൽകരുതെന്നും ജില്ലാ വരണാധികാരികൂടിയായ അദ്ദേഹം പറഞ്ഞു.

ലോക്സഭാ തെരഞ്ഞെടുപ്പിനോട് അനുബന്ധിച്ച് കളക്ടറേറ്റിൽ ജില്ലയിലെ മാധ്യമപ്രവർത്തകർക്കായി ജില്ലാതല മീഡിയ സർട്ടിഫിക്കേഷൻ ആന്റ് മോണിറ്ററിംഗ് കമ്മിറ്റി(എം.സി.എം.സി)യുടെ ആഭിമുഖ്യത്തിൽ നടത്തിയ പെയ്ഡ് ന്യൂസ് ബോധവത്ക്കരണ സെമിനാർ ഉദ്ഘാടനം ചെയ്യുകയായിരുന്നു ജില്ലാ കളക്ടർ.

വ്യക്തിത്വം പണയപ്പെടുത്താതെ പക്ഷം ചേരാതെയാകണം റിപ്പോർട്ട് ചെയ്യേണ്ടത്. ലോക്സഭാ തെരഞ്ഞെടുപ്പ് പോലുള്ള സമയത്ത് മാധ്യമ റിപ്പോർട്ടുകൾ പൊതു

സമൂഹത്തെ തെറ്റായ രീതിയിൽ സ്വാധീനിക്കരുത്. ജനങ്ങളെ വോട്ടിംഗ് പ്രക്രിയയിൽ സജീവമാക്കുവാൻ മാധ്യമങ്ങൾക്കു കഴിയുമെന്നും അദ്ദേഹം പറഞ്ഞു.

ഇലക്ഷൻ ഡെപ്യൂട്ടി കളക്ടർ വി.പി അബ്ദു റഹ്മാൻ അധ്യക്ഷതവഹിച്ചു. കാസർകോട് ആർഡിഒ:പി.എ അബ്ദു സമദ്, ജില്ലാ ലോ ഓഫീസർ കെ.പി ഉണ്ണികൃഷ്ണൻ, ജില്ലാ ഇൻഫർമാറ്റിക്സ് ഓഫീസർ കെ.രാജൻ, എംസിഎംസി മെമ്പർ ജി.ബി വത്സൻ, റിട്ട.അഡീഷണൽ ലോ സെക്രട്ടറി എം.സിതാരാമ, കാസർകോട് പ്രസ് പ്രസിഡന്റ് ടി.എ ഷാഫി എന്നിവർ സംസാരിച്ചു. ജില്ലാ ഇൻഫർമേഷൻ ഓഫീസറും എംസിഎംസി മെമ്പർ സെക്രട്ടറിയുമായ എം.മധുസൂദനൻ സ്വാഗതവും ജില്ലാ ഇൻഫർമേഷൻ ഓഫീസ് അസി.എഡിറ്റർ പി.റഷീദ് ബാബു നന്ദിയും പറഞ്ഞു. തുടർന്ന് മാധ്യമപ്രവർത്തകരുടെ സംവാദവും നടന്നു.

## തെരഞ്ഞെടുപ്പ് പരസ്യങ്ങൾ: മാധ്യങ്ങൾ എന്തൊക്കെ ശ്രദ്ധിക്കണം; ബോധവത്ക്കരണവുമായി സെമിനാർ

ലോക്സഭാ തെരഞ്ഞെടുപ്പ് സമയത്ത് വാർത്തകളും പരസ്യങ്ങളും കൈകാര്യം ചെയ്യുമ്പോൾ പ്രാദേശിക ചാനലുകൾ ഉൾപ്പെടെയുള്ള ദൃശ്യ-ശ്രവ്യമാധ്യമങ്ങളും പത്രങ്ങളും എന്തൊക്കെ ശ്രദ്ധിക്കണമെന്നു വ്യക്തമാക്കി പെയ്ഡ് ന്യൂസ് ബോധവത്ക്കരണ സെമിനാർ. ചട്ടങ്ങൾ പാലിക്കാതെ വാർത്തകളും പരസ്യങ്ങളും നൽകിയാൽ ഉണ്ടാകാവുന്ന പ്രത്യാഘാതങ്ങൾ സെമിനാറിൽ വിദ്ഗധർ വിശദീകരിച്ചു. മാധ്യങ്ങളിൽ തെരഞ്ഞെടുപ്പ് പരസ്യങ്ങൾ സ്വീകരിക്കുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങ ളും ചർച്ചയായി.

ലോക്സഭാ തെരഞ്ഞെടുപ്പിനോട് അനുബന്ധിച്ച് കളക്ടറേറ്റിൽ ജില്ലയിലെ മാധ്യമപ്രവർത്തകർക്കായി ജില്ലാതല മീഡിയ സർട്ടിഫിക്കേഷൻ ആന്റ് മോണിറ്ററിംഗ് കമ്മിറ്റി(എം.സി.എം.സി)യുടെ ആഭിമുഖ്യത്തിലാണ് പെയ്ഡ് ന്യൂസ് ബോധവത്ക്കരണ സെമിനാർ സംഘടിപ്പിച്ചത്.

തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട പെയ്ഡ് ന്യൂസുകൾ കണ്ടെത്തി നടപടി സ്വീകരിക്കൽ, മാധ്യമങ്ങൾവഴി പ്രചരിപ്പിക്കാൻ ഉദ്ദേശിക്കുന്ന രാഷ്ട്രീയ സ്വഭാവമുള്ള പരസ്യങ്ങൾ പരിശോധിച്ച് അംഗീകാരം നൽകൽ എന്നിവയാണ് എം.സി.എം.സിയുടെ പ്രധാന ചുമതലകൾ. പണമോ ആനുകൂല്യങ്ങളോ കൈപ്പറ്റി ഏതെങ്കിലും മാധ്യമങ്ങളിൽ പ്രസിദ്ധീകരിക്കുന്ന ഏതു വാർത്തയും അവലോകനവും പെയ്ഡ് ന്യൂസായി പരിഗണിക്കാവുന്നതാണെന്ന് പ്രസ് കൗൺസിൽ ഓഫ് ഇന്ത്യ നിർവചിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കിയാണ് സെമിനാറിന് തുടക്കമായത്. 2004-ലെ സുപ്രിം കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ തെരഞ്ഞെടുപ്പ് കമ്മീഷൻ എം.സി.എം.സിക്ക് തുടക്കം

കുറിച്ചതുമുതൽ സോഷ്യൽ മീഡിയകളിലൂടെ വരുന്ന പെയ്ഡ് ന്യൂസിനെക്കുറിച്ചുവരെ സെമിനാർ ചർച്ച ചെയ്തു.

എങ്ങനെയാണ് എം.സി.എം.സിയുടെ പ്രവർത്തനം, പെയ്ഡ് ന്യൂസിന്റെ സാധ്യതകൾ എന്തൊക്കെ, എം.സി.എം.സിയുടെ അംഗീകാരമില്ലാതെ തെരഞ്ഞെടുപ്പ് പരസ്യങ്ങൾ മാധ്യമങ്ങളിലൂടെ പ്രസിദ്ധീകരിക്കുകയും സംപ്രേഷണം ചെയ്യുകയും ചെയ്താൽ നേരിടേണ്ടി വരുന്ന നടപടികൾ, പരസ്യങ്ങൾക്ക് അപേക്ഷിക്കുമ്പോൾ നൽകേണ്ട രേഖകൾ, സ്ഥാനാർഥികളെക്കുറിച്ച് അപകീർത്തികരമായ വാർത്തകൾ കൊടുത്താലുള്ള നിയമപ്രശ്നങ്ങൾ ഉൾപ്പെടെ വിവിധ വിഷയങ്ങൾ സെമിനാറിൽ ചർച്ചയായി.

കാസർകോട് ആർഡിഒ:പി.എ അബ്ദു സമദ്, ജില്ലാ ലോ ഓഫീസർ കെ.പി ഉണ്ണിക്കൃഷ്ണൻ, ജില്ലാ ഇൻഫർമാറ്റിക്സ് ഓഫീസർ കെ.രാജൻ, എംസിഎംസി മെമ്പർ ജി.ബി വത്സൻ, റിട്ട.അഡീഷണൽ ലോ സെക്രട്ടറി എം.സിതാരാമ എന്നിവർ സെമിനാറിൽ പ്രഭാഷണങ്ങൾ നടത്തി.

ഫോട്ടോ അടിക്കുറിപ്പ്: പെയ്ഡ് ന്യൂസ് സെമിനാർ:-

കളക്ടറേറ്റിൽ ജില്ലയിലെ മാധ്യമപ്രവർത്തകർക്കായി ജില്ലാതല മീഡിയ സർട്ടിഫിക്കേഷൻ ആന്റ് മോണിറ്ററിംഗ് കമ്മിറ്റി(എം.സി.എം.സി)യുടെ ആഭിമുഖ്യത്തിൽ സംഘടിപ്പിച്ച പെയ്ഡ് ന്യൂസ് ബോധവത്ക്കരണ സെമിനാർ ജില്ലാ കളക്ടർ ഡോ.ഡി.സജിത് ബാബു ഉദ്ഘാടനം ചെയ്യുന്നു.

## പൊതുതെരഞ്ഞെടുപ്പ് നിരീക്ഷകൻ ചുമതലയേറ്റു

ലോക്സഭാ തെരഞ്ഞെടുപ്പിനോടനുബന്ധിച്ച് കാസർകോട് പാർലമെന്റ് മണ്ഡലത്തിലെ പൊതുതെരഞ്ഞെടുപ്പ് നിരീക്ഷകൻ എസ്.ഗണേഷ് ചുമതലയേറ്റു. തമിഴ്നാട് കേഡർ ഐ.എ.എസ് ഉദ്യോഗസ്ഥനാണ്.

ജില്ലാ വരണാധികാരികൂടിയായ ജില്ലാ കളക്ടർ ഡോ.ഡി.സജിത് ബാബു, ജില്ലാ പോലീസ് മേധാവി ജെയിംസ് ജോസഫ് എന്നിവർ ചേർന്ന് കളക്ടറേറ്റിൽ സ്വീകരിച്ചു. തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് പ്രവർത്തനങ്ങൾ അദ്ദേഹം വിലയിരുത്തി. അസി.റിട്ടേണിംഗ് ഓഫീസർമാർ, നോഡൽ ഓഫീസർമാർ എന്നിവരുടെ യോഗത്തിൽ ജില്ലയിലെ പ്രവർത്തനങ്ങൾ അദ്ദേഹം അവലോകനം ചെയ്തു.

ലോക്സഭാ തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് ജില്ലയിലെ ഒരുക്കങ്ങൾ തെരഞ്ഞെടുപ്പ് കമ്മീഷന്റെ മാർഗനിർദേശങ്ങൾ പൂർണ്ണമായും പാലിച്ചുകൊണ്ടാണ് നടത്തിയിട്ടുള്ളതെന്ന് പൊതുതെരഞ്ഞെടുപ്പ് നിരീക്ഷകൻ എസ്.ഗണേഷ് വ്യക്തമാക്കി.

ഫോട്ടോ അടിക്കുറിപ്പ്:- ജൻ ഒബ്സർവർ:-

കളക്ടറേറ്റിലെത്തിയ കാസർകോട് പാർലമെന്റ് മണ്ഡലത്തിലെ പൊതുതെരഞ്ഞെടുപ്പ് നിരീക്ഷകൻ എസ്.ഗണേഷ് ജില്ലാ കളക്ടർ ഡോ.ഡി.സജിത് ബാബു, ജില്ലാ പോലീസ് മേധാവി ജെയിംസ് ജോസഫ് എന്നിവരുമായി ചർച്ച നടത്തുന്നു.

## പൊതുതെരഞ്ഞെടുപ്പ് നിരീക്ഷകനെ പരാതികൾ അറിയിക്കാം

പൊതുജനങ്ങൾക്ക് തെരഞ്ഞെടുപ്പ് കമ്മീഷന്റെ ജില്ലയിലെ പൊതുനിരീക്ഷകൻ എസ്.ഗണേഷിന് പരാതികൾ സമർപ്പിക്കാം. തെരഞ്ഞെടുപ്പ് കമ്മീഷന്റെ സി വിജിൽ മൊബൈൽ ആപ്പിലൂടെയും പരാതികൾ സമർപ്പിക്കാം. അനധികൃതമായി പണം കടത്തുന്നതായി കണ്ടെത്തിയാലും പണം നൽകി വോട്ടിന് പ്രേരിപ്പിച്ചാലും നിരീക്ഷകന് പരാതി നൽകാം. ഫോൺ: 6238805690,9188619593. ഇ-മെയിൽ വിലാസം- genobsksd@gmail.com. ലെയ്സൺ ഓഫീസർ-9496334442

## നിരീക്ഷകൻ എം.സി.എം.സി സെൽ സന്ദർശിച്ചു

ഇലക്ഷൻ കമ്മീഷന്റെ പൊതുനിരീക്ഷകൻ എസ് ഗണേഷ് കളക്ടറേറ്റിൽ പ്രവർത്തിക്കുന്ന എംസിഎംസി സെൽ സന്ദർശിച്ച് സെല്ലിന്റെ പ്രവർത്തനങ്ങൾ വില യിരുത്തി. ജില്ലാകളക്ടർ ഡോ ഡി സജിത് ബാബു പൊതുനിരീക്ഷകനെ അനുഗമിച്ചു. തെരഞ്ഞെടുപ്പ് പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്ന കൺട്രോൾ റൂമും നിരീക്ഷകൻ സന്ദർശിച്ച് തൃപ്തി രേഖപ്പെടുത്തി.

**ഫോട്ടോ അടിക്കുറിപ്പ്-** ഇലക്ഷൻ കമ്മീഷന്റെ പൊതുനിരീക്ഷകൻ എസ് ഗണേഷ് കളക്ടറേറ്റിൽ പ്രവർത്തിക്കുന്ന എംസിഎംസി സെൽ സന്ദർശിച്ച് സെല്ലിന്റെ പ്രവർത്തനങ്ങൾ വിലയിരുത്തുന്നു.

## മൂന്നു പേർ കൂടി പത്രിക നൽകി

കാസർകോട് ലോക്സഭാ മണ്ഡലത്തിൽ ഇന്നലെ (ഏപ്രിൽ 3) മൂന്നു പേർ കൂടി പത്രിക നൽകി. കെ പി സതീഷ് ചന്ദ്രൻ (സിപിഐ (എം)), രവി തന്ത്രി (ബിജെ പി), രാജ് മോഹൻ ഉണ്ണിത്താൻ (ഐഎൻസി) എന്നിവരാണ് പത്രിക നൽകിയത്.

## പരിസ്ഥിതി സൗഹൃദ തെരഞ്ഞെടുപ്പ് സന്ദേശവുമായി ഹരിത റാലി ഇന്ന്

പരിസ്ഥിതി സൗഹൃദ തെരഞ്ഞെടുപ്പ് എന്ന സന്ദേശം പകരാൻ ശുചിത്വമിഷന്റെ നേതൃത്വത്തിൽ കാഞ്ഞങ്ങാട് ഇന്ന് (ഏപ്രിൽ 04) വൈകുന്നേരം നാലിന് ഹരിത റാലി നടത്തും. കാഞ്ഞങ്ങാട് താലൂക്ക് ഓഫീസ് പരിസരത്ത് നിന്നാരംഭിക്കുന്ന റാലി

കോട്ടച്ചേരിയിൽ സമാപിക്കും. ഹരിത തെരഞ്ഞെടുപ്പ് ലോഗോ പതിച്ച ജേഴ്സിയണിഞ്ഞ് എൻ എസ് എസ് വിദ്യാർത്ഥികൾ, വളണ്ടിയർമാർ, ഹരിത കർമ്മ സേനാംഗങ്ങൾ, ശുചിത്വ മിഷൻ ജീവനക്കാർ, കാഞ്ഞങ്ങാട് മുനിസിപ്പാലിറ്റി ഹെൽത്ത് വിഭാഗം ജീവനക്കാർ എന്നിവർ റാലിയിൽ പങ്കെടുക്കും. ഹരിത സന്ദേശം ഉള്ളടക്കം ചെയ്ത പരമ്പരാഗത വസ്തുക്കൾക്കൊണ്ട് ഉണ്ടാക്കിയ പ്ലക്കാർഡുകൾ, തുണിയിൽ തയ്യാറാക്കിയ ബാനറുകൾ എന്നിവ റാലിയിൽ അണിനിരത്തും. ഹരിത തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട സന്ദേശം വിളിച്ചോതുന്ന വാഹനവും റാലിക്ക് അകമ്പടിയേകും.

പ്ലാസ്റ്റിക്, പി.വി.സി, ഡിസ്പോസിബിൾ വസ്തുക്കൾ മുതലായവ ഒഴിവാക്കി പുന:ചക്രമണത്തിന് വിധേയമാക്കാൻ സാധിക്കുന്നതുമായ പരിസ്ഥിതി സൗഹൃദ വസ്തുക്കൾ ഉപയോഗിച്ച് ലോകസഭാ തിരഞ്ഞെടുപ്പ് നടത്താനാണ് ഹരിത റാലി സംഘടിപ്പിക്കുന്നത്. പ്രകൃതി സൗഹൃദ തെരഞ്ഞെടുപ്പ് നടത്തുന്നതിനായി ശ്രദ്ധിക്കേണ്ട കാര്യങ്ങൾ, ഒഴിവാക്കേണ്ട വസ്തുക്കൾ, പകരം സ്വീകരിക്കേണ്ട വസ്തുക്കൾ തുടങ്ങിയവയെ കുറിച്ചുള്ള സന്ദേശമാണ് റാലിയിൽ ഉൾപ്പെടുക.

## സ്വീപ് പ്രചാരണ വീഡിയോ പ്രകാശനം ചെയ്തു

കാസർകോട് ജില്ലാ തെരഞ്ഞെടുപ്പ് പ്രചാരണത്തിന്റെ ഭാഗമായി സ്വീപ് തയ്യാറാക്കിയ പ്രചാരണ വീഡിയോ തെരഞ്ഞെടുപ്പ് വിഭാഗം നിരീക്ഷകൻ എസ് ഗണേഷ് ഐ.എ.എസിന്റെ സാന്നിദ്ധ്യത്തിൽ ജില്ലാ കളക്ടർ ഡോ.ഡി സജിത് ബാബു പ്രകാശനം ചെയ്തു. കളക്ടറേറ്റ് ചേമ്പറിൽ അസിസ്റ്റൻഡ് റിട്ടേണിംഗ് ഓഫീസർമാർ, വിവിധ നോഡൽ ഓഫീസർമാർ, സ്വീപ് നോഡൽ ഓഫീസർ വി.മുഹമ്മദ് നൗഷാദ് എന്നിവരുടെ സാന്നിദ്ധ്യത്തിലായിരുന്നു പ്രകാശനം.

ഒളിമ്പ്യൻ പി.ടി. ഉഷ, പ്രശസ്ത ചിത്രകാരൻ പി.എസ്. പുണിഞ്ചിത്തായ, ഇന്ത്യൻ ഫുട്ബോളർ എം. സുരേഷ്, കാസർകോട് ജില്ലാ കളക്ടർ ഡി.സജിത് ബാബു എന്നിവരുടെ സന്ദേശങ്ങളടങ്ങിയതാണ് വീഡിയോ.

## നാലും ഏഴും ക്ലാസുകളിലേക്ക് അപേക്ഷിക്കാം

വിദ്യാനഗർ കേന്ദ്രീയ വിദ്യാലയ നമ്പർ രണ്ടിൽ അടുത്ത അധ്യായന വർഷത്തിലെ നാലും ഏഴും ക്ലാസുകളിലേക്കുള്ള ഒഴിവിലേക്ക് അപേക്ഷ ക്ഷണിച്ചു. ഏപ്രിൽ ഒൻപതു വരെ അപേക്ഷിക്കാം. അപേക്ഷാഫോറം വിദ്യാലയ ഓഫീസിൽ നിന്ന് എല്ലാ പ്രവർത്തി ദിവസങ്ങളിലും ലഭിക്കും.

## ക്വട്ടേഷൻ ക്ഷണിച്ചു

അജാനൂർ ഗ്രാമപഞ്ചായത്തിൽ കുടിവെള്ള വിതരണം നടത്തുവാൻ താൽപര്യമുള്ളവരിൽ നിന്നും ക്വട്ടേഷൻ ക്ഷണിച്ചു. ക്വട്ടേഷനുകൾ ഏപ്രിൽ 11 ന് ഉച്ചയ്ക്ക്

രണ്ടിനകം പഞ്ചായത്ത് സെക്രട്ടറിക്ക് സമർപ്പിക്കണം. കൂടുതൽ വിവരങ്ങൾക്ക്- 0467 2266386.

## പ്രവേശനോത്സവം നടത്തി

സംസ്ഥാന സാക്ഷരതാ മിഷൻ ആദിവാസി കോളനികളിൽ നടപ്പിലാക്കുന്ന സാക്ഷരതാ തുല്യതാ പദ്ധതിയായ സമഗ്ര പദ്ധതിയുടെ പ്രവേശനോത്സവം സംഘടിപ്പിച്ചു. കുമ്പള മാവിനകട്ട എസ്.സി.കോളനിയിൽ ജില്ലാ കോഡിനേറ്റർ ഷാജു ജോൺ പ്രവേശനോത്സവം ഉദ്ഘാടനം ചെയ്തു. കാസർകോട് ബ്ലോക്ക് നോഡൽ പ്രേരക് സി.കെ.പുഷ്പകുമാരി അദ്ധ്യക്ഷത വഹിച്ചു. പ്രേരക് വിലാസിനി,വിജയമ്മ,ഇൻസ്ട്രക്ടർ രേശ്മ എന്നിവർ സംസാരിച്ചു.

**(തുടരും..)**